**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 516** **13-01-2021 - ൽ മറുപടിയ്ക്ക്**

**നിർമ്മാണമേഖല നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ഡോ.എം.കെ . മുനീർ** | | **Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)** | |
| (എ) | നിർമ്മാണമേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നിർമ്മാണ മേഖല നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റുന്നത് സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിനായി ഡാമുകൾ, റിസർ വോയറുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിനായി അന്യസംസ്ഥാനത്ത്/ വിദേശത്ത് നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് നിലവിൽ നിയമം തടസ്സമില്ല. |
| (ബി) | മണൽ, കല്ല് തുടങ്ങിയവ പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. മണൽ, കല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ വില ഏകീകരിക്കുന്നതിന് അതാത് ജില്ലാ കലക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമാണ സാമഗ്രികളുടെ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടർമാരുടെയും ജിയോളജിസ്റ്റുമാരുടെയും യോഗം വീഡിയോ കോൺഫറൻസിലൂടെ ചേരുകയും ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന സിമന്റിന്റെ ചെറുകിടവിൽപ്പന വില മറ്റു കമ്പനികളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാണ് നിലനിൽക്കുന്നത്. |
| (സി) | സിമന്റ്, കമ്പി, പെയിന്റുകൾ എന്നിവയുടെ വിലക്കയറ്റം നേരിടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. മണൽ, കല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ വില ഏകീകരിക്കുന്നതിന് അതാത് ജില്ലാ കലക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമാണ സാമഗ്രികളുടെ |

| | | | |
|---|---|---|---|
| | | | വില നിയന്ത്രണവുമായി ബന്ധപ്പെട്ട് ജില്ലാ കലക്ടർമാരുടെയും ജിയോളജിസ്റ്റുമാരുടെയും യോഗം വീഡിയോ കോൺഫറൻസിലൂടെ ചേരുകയും ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന സിമന്റിന്റെ ചെറുകിടവിൽപ്പന വില മറ്റു കമ്പനികളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാണ് നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ